# ബൊമ്മനും ബെല്ലിയും
# പിന്നെ കുറേ ജീവിതങ്ങളും

ഹരികൃഷ്ണൻ കടമാൻകോട്



ബൊമ്മനും ബെല്ലിയും
പിന്നെ കുറേ ജീവിതങ്ങളും

ഹരികൃഷ്ണൻ കടമാൻകോട്
(മലയാളം: ലേഖനം)

© 2023, Harikrishnan Kadamancode

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Indian elephant and calf at Whipsnade Zoo, a photograph by Andrew Gray. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org


# ബൊമ്മനും ബെല്ലിയും പിന്നെ കുറേ ജീവിതങ്ങളും

കഴിഞ്ഞ കുറച്ചുദിവസങ്ങളായി നാം കേട്ടു വരുന്ന രണ്ടുപേരുകളാണ് ബൊമ്മനും ബെല്ലിയും. ഇവരുടെ പേരിനോടൊപ്പം രഘുവും അമ്മുക്കുട്ടിയും കൂടി ചേരുമ്പോൾ പൂർത്തിയാകുന്നു. 95-ാം അക്കാദമി അവാർഡിന്റെ നിറവിൽ സമ്മാനാർഹമായി നിൽക്കുന്ന ഇന്ത്യൻ ചലച്ചിത്ര പരിസരത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത ഹ്രസ്വ ഡോക്യുമെന്ററിയാണ് ദി എലിഫന്റ് വിസ്പറേഴ്സ്.




ദി എലിഫന്റ് വിസ്പറേഴ്സിന്റെ പോസ്റ്റർ.

2022-ലെ തമിഴ് ഭാഷാ ഹ്രസ്വ ഡോക്യുമെന്ററി ചിത്രമായി ഇതെത്തുമ്പോൾ ഡോക്യുമെന്ററി ഫിലിം മേക്കർ കാർത്തികി ഗോൺസാൽവസ് സംവിധാനം ചെയ്ത ഹ്രസ്വ ഡോക്യുമെന്ററി എന്ന പ്രത്യേകതകൂടി ഇതിനുണ്ട്. “കാട്ടുനായകർ എന്നാൽ കാടിന്റെ അധിപതികൾ അഥവാ രാജാക്കൾ എന്നതാണ്.” ഇപ്രകാരം പറഞ്ഞു തുടങ്ങുന്ന ഡോക്യുമെന്ററി മുക്കാൽ മണിക്കൂറോളം കാടിന്റെ വശ്യമായ സൗന്ദര്യത്തെ നമ്മുടെ മുന്നിലേക്ക് എത്തിക്കുന്നു. ഓരോ ഫ്രെയിമിലും കാനനഭംഗി വരച്ചുകാട്ടുകയും കാടിനോട് ഇഴുകിച്ചേർന്ന ചില ജീവിതങ്ങളിലൂടെ കഥ സഞ്ചരിക്കുകയും ചെയ്യുന്നുണ്ട്.




രഘു, ചിത്രത്തിലെ താരം, തമിഴ്നാട്ടിലെ മുതുമല ദേശീയ ഉദ്യാനം.

സിഖ്യ എന്റർടൈമെന്റിന്റെ ബാനറിൽ പുറത്തിറങ്ങിയ ഈ ചിത്രത്തിൽ രഘുവെന്ന ആനയെയും അവനെ പരിചരിക്കുന്ന വൃദ്ധ ദമ്പതികളെയും, അവർ തമ്മിലുള്ള ആത്മബന്ധത്തിന്റെയും നേർസാക്ഷ്യങ്ങൾ വരച്ചുകാട്ടുന്നു. ഇവരോടൊപ്പം അമ്മുക്കുട്ടി എന്ന കുട്ടിപിടിയാന കൂടി ചേരുമ്പോൾ പറഞ്ഞറിയിക്കാൻ കഴിയാത്ത തീവ്രമായ ഒരു വികാരം അനുവാചകരിൽ ഉണ്ടാവുന്നുണ്ട്. മോയാർ നദിയും തെപ്പക്കാട്ട്, മുതുമല നാഷണൽ പാർക്കും ‘ദി എലിഫന്റ് വിസ്പറേഴ്സിന്റെ’ കഥാപശ്ചാത്തലമായി എത്തുന്നതോടെ ഡോക്യുമെന്ററി മറ്റൊരു അനുഭൂതിയായി മാറുന്നു. അവശനും അനാഥനുമായി 2017 മേയ് 6-ന് 11 മാസം മാത്രം പ്രായമുള്ളപ്പോൾ കൃഷ്ണഗിരി ഹൊസൂർ കാട്ടിൽ നിന്ന് അമ്മയെ പിരിഞ്ഞ നിലയിൽ കണ്ടെത്തിയ രഘു എന്ന ആനക്കുട്ടിയെ ബൊമ്മനും ബെല്ലിയും പരിപാലിക്കുന്നതാണ് ഡോക്യുമെന്ററിയുടെ ഇതിവൃത്തം. മരിച്ചുപോകും എന്ന് എല്ലാവരും പറഞ്ഞ ഈ ആനക്കുട്ടിയെ ദമ്പതികൾ അവരുടെ സ്നേഹത്തിൽ ചാലിച്ച പരിശ്രമത്തിലൂടെ, പരിപാലനത്തിലൂടെ ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരുന്നതിനെ മികച്ച ദൃശ്യാവിഷ്കാരത്തിലൂടെ ഡോക്യുമെന്ററിയിൽ അവതരിപ്പിക്കുന്നു. ‘ആനയുടെ അമ്മയായി’ ബെല്ലിയും അച്ഛനായി ബൊമ്മനും മാറുന്നു. ഡോക്യുമെന്ററിയിൽ ഒരിടത്തു തന്നെ ആനയുടെ അമ്മയായി വിളിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നു ബെല്ലി പറയുന്നുണ്ട്. ജീവിതത്തിൽ പലതും നഷ്ടപ്പെട്ട രണ്ടു ജീവിതങ്ങൾ ഗജപരിപാലനത്തിലൂടെ മറ്റൊരു ജീവിതപാത തുറക്കുകയാണിവിടെ. ആനയെ ദൈവതുല്യമായി കണക്കാക്കുന്ന ഒരു ഗോത്രവർഗ്ഗവും അവരുടെ കുടുംബ പരിസരങ്ങളും ഈ ചിത്രത്തിൽ സ്പർശിക്കുന്നുണ്ട്.

ആന പുനരധിവാസകേന്ദ്രത്തിന്റെ സ്ഥിരം ശൈലികളിൽ നിന്നുമാറി സ്നേഹത്തിന്റെ ചങ്ങല കൊണ്ട് ബന്ധിച്ച് ‘ചട്ടം’ പഠിപ്പിക്കുന്നത് നമുക്കിവിടെ കാണാം. ഒരുപക്ഷേ, മേൽപ്പറഞ്ഞ ചട്ടം എന്ന വാക്ക് നമ്മെ ഓർമ്മിപ്പിക്കുന്നത് ക്യാമ്പുകളിലെ അതിഭയങ്കരമായ മെരുക്കൽ രീതികളെയായിരിക്കാം. എന്നാൽ ചിത്രത്തിൽ എവിടെയും ഈ പറഞ്ഞ ചട്ടം കെട്ടൽ പ്രകടമല്ല. പ്രാദേശിക തമിഴിന്റെ തനിമയോടെ ചിത്രം സഞ്ചരിക്കുമ്പോൾ, അതിലേക്ക് ഗ്രാമവാസികളും ബെല്ലിയുടെ കൊച്ചുമകളും ആനകളെ ഇഷ്ടപ്പെടുന്ന ഒരു കൂട്ടം കുട്ടികളും കടന്നു വരുന്നുണ്ട്.

വർത്തമാനകാലത്ത് ഉത്സവപ്പറമ്പുകളിലും മറ്റ് ആഘോഷങ്ങളിലും ചങ്ങലയിൽ ബന്ധിതമായ ദൈവ സങ്കൽപ്പത്തെ ഈ ചിത്രം ഒരിക്കലും പ്രോത്സാഹിപ്പിക്കുന്നില്ല. പാപ്പാന്മാരുടെ ക്രൂരതയിൽ അന്ധരാക്കപ്പെടുന്ന കരിവീരന്മാരെ സ്മരിക്കാതെ ഈ കഥ കണ്ടു തീർക്കാൻ നമ്മെക്കൊണ്ടാവില്ല.




അമ്മു, ചിത്രത്തിലെ താരം, മുതുമല ദേശീയ ഉദ്യാനം.

ദേഹമാസകലം മുറിവുകളുമായി വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന കുട്ടിയാനയെ രഘു എന്ന പേരിട്ടു ബൊമ്മൻ വളർത്താൻ ഒരുങ്ങുന്നു. ജീവിതത്തിൽ ദുഃഖങ്ങൾ മാത്രം പേറുന്ന ഈ ദമ്പതികൾക്ക് ആശ്വാസമായി രഘു മാറുന്നു. അവരുടെ ആ കുടുംബത്തിലേക്ക് അമ്മുക്കുട്ടി എന്ന മറ്റൊരു കുട്ടിയാന കൂടി എത്തുമ്പോൾ ഇവർക്ക് ആരൊക്കെയോ തങ്ങളുടെ കൂടെയുണ്ടെന്നബോധ്യവും ഇവർക്കുണ്ടാകുന്നു . ബൊമ്മൻ തന്നെ പറയുന്നുണ്ട് ‘രഘുവും അമ്മുക്കുട്ടിയും തന്റെ മക്കളാണെന്ന്’. ‘അവരൊരു കുടുംബമാണെന്ന്’. നിഷ്കളങ്കമായ സ്നേഹത്തിന്റെ പ്രതീകമായി ഈ ചെറു കുടുംബം മാറുന്നതായി കാണാം.

ഈ ഡോക്യുമെന്ററിയിൽ സംഭാഷണങ്ങൾ തീരെ കുറവാണ്. എന്നാൽ മനുഷ്യരെ കൂടാതെ മറ്റു ജീവികളും സംസാരിക്കുന്നതായി നമുക്കിൽ കാണാം. കുട്ടിത്തം വിടാത്ത ആനകളുടെ ചിന്നം വിളികളും, അവരുടെ കുസൃതികളും സിനിമാറ്റിക് വിഷ്വൽസായി നമുക്കിവിടെ അനുഭവപ്പെടുന്നു. ആനകളെ കൂടാതെ ഇടയ്ക്കിടയ്ക്ക് അതിഥി കഥാപാത്രങ്ങളായിയെത്തുന്ന കുരങ്ങനും, കാട്ടുപന്നിയും പുള്ളിപ്പുലിയും കരടിയും മാനുകളും വിവിധതരം പക്ഷികളും ഉല്ലാസത്തിന്റെ ഒരു ദൃശ്യാവിഷ്കാരം നമ്മുടെ മനസ്സിൽ ഉണ്ടാക്കിയെടുക്കുന്നുണ്ട്.

ഏകദേശം അഞ്ചുവർഷം മുമ്പാണ് കാർത്തികി ഇവരുടെ ഈ ജിവിതം പകർത്താൻ മുതുമലയിലെത്തുന്നത്. റാഗിയും ശർക്കരയും പാലും കൊണ്ട് ആനക്കുട്ടികളെ ഊട്ടുമ്പോൾ സ്നേഹത്തിന്റെ നറുതരി കൂടി അവർ അതിൽ ചേർക്കുന്നുണ്ടെന്ന നമുക്കു മനസ്സിലാക്കാം. ഡോക്യുമെന്ററി അവസാനിക്കാറാകുമ്പോൾ രഘുവിനെ വേർപിരിയുന്ന ഈ ദമ്പതികളുടെ മനസ്സിൽ ഉണ്ടാകുന്ന ആഘാതം പ്രേക്ഷകരിലേക്കും ഒരു ചെറുനോവായി പടരുന്നതായി കാണാം. സഹോദരൻ നഷ്ടപ്പെട്ട അമ്മുക്കുട്ടിയെയും നമുക്കു മറക്കാൻ കഴിയില്ല. മുറിവുപറ്റിയും ആനക്കൂട്ടത്താൽ ഉപേക്ഷിക്കപ്പെട്ടും മലവെള്ളപ്പാച്ചിലിൽ അകപ്പെട്ടുമെല്ലാം നാട്ടിലെത്തുന്ന കാട്ടാനക്കുട്ടികളെ പരിപാലിക്കുന്ന ബൊമ്മനും ബെല്ലിയും മറ്റു കൂട്ടുകാരും ഡോക്യുമെന്ററി ചിത്രത്തിലൂടെ നമ്മിളിലേക്ക് എത്തപ്പെടുന്നു.

ദി എലിഫന്റ് വിസ്പറേഴ്സ് എന്ന പേരിൽതന്നെ ലോകപ്രശസ്തമായ ലോറൻസ് ആന്റണിയുടെ ഒരു രചനയുണ്ട്. അവിടെയും ആനകളുടെ ഈ മന്ത്രണങ്ങൾ പ്രകടമാണ്. “നമ്മളും നമ്മുടെ ഈ പ്രകൃതി ലോകവും തമ്മിലുള്ള പവിത്രമായ ബന്ധത്തിനും, തദ്ദേശീയ സമൂഹങ്ങളോടുള്ള ബഹുമാനത്തിനും, മറ്റു ജീവജാലങ്ങളോടുള്ള സഹാനുഭൂതിയ്ക്കും ഇടം പങ്കിടുന്നതിനും ഒടുവിൽ സഹവർത്തിത്വത്തിനും വേണ്ടി സംസാരിക്കാനാണ് ഞാൻ ഇന്ന് ഇവിടെ നിൽക്കുന്നത്,” കാർത്തികി ഗോൺസാൽവസ് തന്റെ അവാർഡ് സ്വീകരണ പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി. എലിഫന്റ് വിസ്പറേഴ്സ്” എന്നത് ആനകളുമായി തലമുറകളായി ഇടപെട്ട് ജോലി ചെയ്യുന്ന ആളുകളുടെ കഥകൂടിയാണ്. അവർ കാടിന്റെ ആവശ്യങ്ങളെക്കുറിച്ച് തികച്ചും ബോധവാന്മാരാണ്.



95-ാമത് അക്കാദമി അവാർഡിൽ ദി എലിഫന്റ് വിസ്പറേഴ്സ് ടീം.

ഡോക്യുമെന്ററിയിൽ കാട്ടിൽ നിന്നു വിഭവങ്ങൾ എടുക്കുന്നതിനെക്കുറിച്ച് പറയുന്ന മനോഹരമായ ഒരു രംഗമുണ്ട്. “ആവശ്യമുള്ളത്ര മാത്രമേ ഞങ്ങൾ കാടുകളിൽ നിന്നെടുക്കാറുള്ളൂ. അതുകൊണ്ട് എല്ലാവർക്കും മതിയാകും”. ഈ പ്രസ്താവന വർത്തമാനകാല ലോകത്തോടുള്ള ആഹ്വാനമായി മാറുന്നു. നാം നമുക്ക് ആവശ്യമുള്ളതു മാത്രമാണോ കാടുകളിൽ നിന്ന് എടുക്കാറുള്ളത്? നമ്മുടെ ആവശ്യങ്ങൾക്കു പരിധികളില്ല. രേഖ വരയ്ക്കേണ്ടതും മൃഗങ്ങൾക്ക് അർഹമായ ബഹുമാനം നൽകേണ്ടതും നമ്മുടെ ബാധ്യതയാണ് എന്നാൽ നാമതൊക്കെ മറക്കുന്നു.

മനുഷ്യനും പ്രകൃതിയും രണ്ടല്ല ഒന്നാണെന്നുള്ള തിരിച്ചറിവിലേക്ക് ഈ ഡോക്യുമെന്ററി നമ്മെ കൊണ്ടെത്തിക്കുന്നുണ്ട്. വേർപിരിയാൻ കഴിയാത്ത ആത്മബന്ധത്തിന്റെ, സ്നേഹത്തിന്റെ പ്രതീകങ്ങളായി ബൊമ്മനും ബെല്ലിയും രഘുവും അമ്മുക്കുട്ടിയും ഇവിടെ മാറുന്നതോടൊപ്പം ചൂഷണത്തിനു വിധേയമായി നശിച്ചുകൊണ്ടിരിക്കുന്ന കാടുകൾക്കും സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടി കത്തി വയ്ക്കപ്പെടുന്ന വന്യജീവികൾക്കും വേണ്ടി ഈ കഥ ശബ്ദിക്കുന്നു.

ആനയുടെ മന്ത്രണങ്ങൾ പ്രതിധ്വനിക്കുന്ന ഈ ഡോക്യുമെന്ററി തോട്ടികളും ചങ്ങലകളുമില്ലാത്ത, നെറ്റിപ്പട്ടത്തിന്റെ അമിതഭാരം പേറാത്ത, സ്നേഹത്തിന്റെ മാത്രം കഥ പറയുന്ന ഒരേടായി ആവശേഷിക്കുന്നു. അതോടൊപ്പം ബൊമ്മനും ബെല്ലിയും പിന്നെ കുറേ ജീവിതങ്ങളും പ്രേക്ഷക മനസ്സിൽ ഇടം പിടിക്കുന്നു.



മുതുമല ടൈഗർ റിസർവിലെ ആനകളുടെ ഒരു സംഘം.

## റഫറൻസ്

1. https://indianexpress.com/article/entertainment/entertainment-others/the-elephant-whisperer-wins-oscars-2023-best-documentary-short-8485555/lite/
2. https://www.indiatoday.in/trending-news/story/the-elephant-whisperer-star-becomes-tourist-attraction-in-theppakadu-elephant-camp-after-oscar-win-2346350-2023-03-14
3. https://www.goodreads.com/book/show/6375561-the-elephant-whisperer

□

## ഹരികൃഷ്ണൻ കടമാൻകോട്



കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ കടമാൻ കോട്ട് എന്ന ഗ്രാമത്തിൽ ജനനം. സർക്കാർ കലാലയം നെടുമങ്ങാട്ട് നിന്നും മലയാളത്തിൽ ബിരുദം നേടി. നിലവിൽ കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിൽ രണ്ടാംവർഷ മലയാള ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയാണ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014